# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7796 23.07.2012 - ൽ മറുപടിക്ക്

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പാലോട് രവി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | എ) ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബോർഡിൽ നിന്നുള്ള സുതാര്യ സേവനം ഉറപ്പുവരുത്തുന്നതിനായി ഭവന വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുകയും പാർപ്പിടം പൗരാവകാശമായി അംഗീകരിക്കുന്ന സംസ്ഥാന പാർപ്പിട നയം പ്രഖ്യാപിക്കുകയും ചെയ്തു. കേരള സംസ്ഥാന ഹൗസിംഗ് ഡെവലെപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് അനുവാദം നൽകി. കൂടാതെ ഹഡ്കോയ്ക്കുള്ള കുടിശ്ശിക തീർക്കുന്നതിനും തദ്ധാര പുതിയ പദ്ധതികൾക്ക് ധനസമാഹരണം നടത്തുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ബോർഡിന്റെ കൈവശമുള്ള ഭൂമികളിൽ അനുയോജ്യ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ മുതൽ മുടക്കാൻ തയ്യാറുള്ള സംയുക്ത സംരംഭ പങ്കാളിയെ കണ്ടെത്തി സംയുക്ത സംരംഭ പദ്ധതികൾ നടപ്പിലാക്കാൻ ഉതകുന്ന വിധം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നിയമസഭാ ബിൽ പാസാക്കി. കൂടാതെ താഴെപറയുന്ന പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നു.<br>1. സാഫല്യം ഭവന പദ്ധതി<br>2. കോഴിക്കോട് ബംഗ്ലാദേശ് കോളനി (ശാന്തിനഗർ) യിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി. |

3. തൊഴിലാളികൾക്ക് നഗരത്തിൽ വാടകയ്ക്ക് ഫ്ളാറ്റ് ലഭ്യമാക്കുന്നതിനുള്ള ഇന്നൊവേറ്റീവ് ഭവന പദ്ധതി.
4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.
5. പാരസ്പര്യ പദ്ധതികൾ.
6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ.
7. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി.
8. സുരക്ഷാ ഭവന പദ്ധതി.

(ബി) ഏതെല്ലാം ഭവന പദ്ധതികളാണ് ബോർഡ് ഏറ്റെടുത്തു നടത്തിവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

ബി) താഴെ പ്പറയുന്ന പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്തു നടത്തി വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

1. സാഫല്യം ഭവന പദ്ധതി
2. കോഴിക്കോട് ബംഗ്ലാദേശ് കോളനി (ശാന്തിനഗർ) യിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി.
3. ഇന്നൊവേറ്റീവ് ഭവന പദ്ധതി.
4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.
5. പാരസ്പര്യ പദ്ധതികൾ.
6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ.
7. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി.
8. സുരക്ഷാ ഭവന പദ്ധതി.
9. സുനാമി പുനരധിവാസ ഭവന പദ്ധതി.

(സി) ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഏജൻസികളാണ് സഹായിക്കുന്നത് ; വിശദമാക്കുമോ ?

സി) സാഫല്യം ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി ഹഡ്കോയിൽ നിന്നും വായ്പ സമാഹരിക്കേണ്ടതുണ്ട്. കൂടാതെ തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ദാനശീലരായ വ്യക്തികൾ എന്നിവരുടെ സഹായവും പ്രതീക്ഷിക്കുന്നുണ്ട്. ഇവർക്ക് സൗജന്യമായി ഭൂമിയും സാമ്പത്തിക സഹായവും നൽകി ഈ പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഭവന നിർമ്മാണ ബോർഡിൽ നിലവിലുള്ള പ്രോജക്ടുകൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

**1. സാഫല്യം ഭവന പദ്ധതി**

സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഭൂ ഭവന രഹിതരായ EWS വിഭാഗക്കാർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് ഇത്.

**2. കോഴിക്കോട് ബംഗ്ലാദേശ് കോളനി(ശാന്തിനഗർ)യിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി**

കോഴിക്കോട് ശാന്തിനഗർ(ബംഗ്ലാദേശ് കോളനി)യിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതിയുടെ ആദ്യ ഘട്ടമായി 218 വീടുകൾ പുനർ നിർമ്മിച്ചു വരുന്നു.

**3. ഇന്നൊവേറ്റീവ് ഭവന പദ്ധതി**

നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിനു പുറത്ത് താമസിക്കുവാൻ നിർബ്ബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ തന്നെ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്കു നൽകുന്ന പദ്ധതിയാണിത്. തൃശ്ശൂരും കോഴിക്കോട്ടും നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി**

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി നൽകുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. ദേവികുളത്തും കാസർഗോഡും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

**5. പാരസ്പര്യ പദ്ധതികൾ**

ബോർഡിന്റെ കൈവശമുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി നടപ്പിലാക്കുന്ന പദ്ധതികളാണ് പാരസ്പര്യ പദ്ധതികൾ. തിരുവനന്തപുരത്ത് കവടിയാറും അമ്പലനഗറിലും കൊച്ചിയിൽ പനമ്പള്ളി നഗറിലും ഈ രീതിയിൽ ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

## 6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ

വനിതാ ജീവനക്കാർക്ക് സുരക്ഷിതത്വവും കുറഞ്ഞ ചെലവിലും താമസസൗകര്യം ഒരുക്കുന്നതിനായി തൃശൂർ, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നടപ്പിലാക്കുന്നുണ്ട്. തൃശ്ശൂരിലെ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായി.

## 7. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി

1972-1976 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിന് 75,000/- രൂപയും പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം രൂപയും നിരക്കിൽ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 18489 വീടുകൾ ഏറ്റെടുക്കേണ്ടതിൽ 12405 വീടുകൾക്ക് അനുവാദം നൽകുകയും 7943 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 6296 വീടുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തു.

## 8. സുരക്ഷാ ഭവന പദ്ധതി

സന്നദ്ധ സംഘടനകൾ തെരഞ്ഞെടുത്തു സ്പോൺസർ ചെയ്യുന്ന EWS വിഭാഗത്തിൽപ്പെട്ട 2 സെന്റ് സ്ഥലം കൈവശമുള്ള ഭവന രഹിതർക്ക് വീട് നിർമ്മാണത്തിനായി 25,000/- രൂപ നിരക്കിൽ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2011-2012 ൽ 414 വീടുകൾക്ക് സബ്സിഡി നൽകുകയുണ്ടായി.

## 9. സുനാമി പുനരധിവാസ ഭവന പദ്ധതി

ഈ പദ്ധതി പ്രകാരം 1995 വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുകയും 1819 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 44 വീടുകളുടെ പണി അന്തിമഘട്ടത്തിലാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ തുച്ഛ വരുമാനക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയായ സങ്കേതം ഭവന പദ്ധതി ഇടത്തരം വരുമാനക്കാർക്ക് പ്ലോട്ടുകൾ വിലയ്ക്കു നൽകുന്ന പദ്ധതിയായ സായൂജ്യം ഭൂ വികസന പദ്ധതി എന്നിവയും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(signature)

സെക്ഷൻ ഓഫീസർ